**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4692** **29-10-2021 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി ഫിഷറീസ് കോളനിവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽപെട്ട ഡിവിഷൻ 34-ൽ സ്ഥിതിചെയ്യുന്ന അൻപത് വർഷത്തിലധികം പഴക്കമുള്ള ഫിഷറീസ് കോളനിവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിന് ഡിവിഷൻ കൗൺസിൽ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ-ഫിഷറീസ്-നഗരസഭ ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിയിരുന്നോ; ഇതിന്റെ തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത നിവേദത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് കോളനിയിലെ വീടുകളുടെ നിലവിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ആയത് പുനരുദ്ധാരണം നടത്തുന്നതിനുമായി പദ്ധതി തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ്, റവന്യൂ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തുകയും ബി.ടി.ആർ, സ്കെച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോളനിയിൽ 40 മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് താമസിക്കുന്നത്. പ്രദേശം സി.ആർ.ഇസഡ് ഉൾപ്പെടുന്നതാണ്. |
| (സി) | പ്രസ്തുത വീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ